## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1289 — 13.07.2016 ൽ മറുപടിക്ക്

## നെറ്റ് വർക്ക് കണക്ടിവിറ്റിക്കായി ഇടുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജെയിംസ് മാത്യൂ** | | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** |
| എ) പൊതുമരാമത്ത് റോഡ് വഴി ടെലികോം ഓപ്പറേറ്റർമാർ നെറ്റ് വർക്ക് കണക്ടിവിറ്റിക്കായി ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ കരാർ (ROW) പ്രകാരം ഫ്രീയായിട്ടുള്ള ഇന്റർനെറ്റ് കണക്ഷൻ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ വിദ്യാലയങ്ങൾ, എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവയ്ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കണക്ഷൻ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>ബി) കരാറിലെ വ്യവസ്ഥകൾ പാലിക്കാത്ത കമ്പനികൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും | നൽകിയിട്ടില്ല. റൈറ്റ്സ് ഓഫ് വേ (ROW) കരാർ പ്രകാരം, സംസ്ഥാനത്തിന്റെ നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്ററുകളിലും ജില്ലാ ആസ്ഥാനങ്ങളിലും നൽകിയ സൗജന്യ ബാൻഡ് വിഡ്ത്ത് ഒഴികെ, സർക്കാർ/ എയ്ഡഡ് മേഖലയിലുള്ള വിദ്യാലയങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിരുന്നില്ല. കേബിൾ കടന്നു പോകുന്ന വഴിയിലുള്ള സർക്കാർ, എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കണമെന്നാണ് സർക്കാർ ഉത്തരവിൽ നിബന്ധന ചെയ്തിരുന്നത്. ഉത്തരവിൽ ദൂരപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി നല്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും കണക്ടിവിറ്റിയുടെ തോതും വ്യക്തമായി സൂചിപ്പിച്ചിട്ടില്ലാത്തതിനാലുമുള്ള ബുദ്ധിമുട്ടുകൾ സേവനദാതാക്കൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതേത്തുടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിന് പകരം, 10 Mbps ബാന്റ് വിഡ്ത്ത് ജില്ലാ ആസ്ഥാനങ്ങളിൽ |

സൗജന്യമായി വ്യവസ്ഥ ചെയ്തിരുന്നു. ഇതിൻ പ്രകാരം ഐഡിയ, വോഡഫോൺ, റ്റാറ്റാ കമ്മ്യൂണിക്കേഷൻ, എയർടെൽ എന്നീ കമ്പനികൾ ബാന്റ് വിഡ്ത്ത് നൽകിയിട്ടുണ്ട്. കൂടാതെ റിലയൻസ് ജിയോകോമുമായി സർക്കാർ ഏർപ്പെട്ട റൈറ്റ് ഓഫ് വേ (ROW) കരാറിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ റൂട്ടിൽ നിന്നും രണ്ട് കിലോമീറ്ററിനുള്ളിൽ വരുന്ന സർക്കാർ ഓഫീസുകൾക്കു ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ സൗജന്യമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | വ്യവസ്ഥകൾ പ്രകാരം കണക്ഷൻ കൊടുക്കാതെ കമ്പനികൾ നേട്ടമുണ്ടാക്കിയിട്ടുണ്ടോ; | സി) | പുതുക്കിയ റൈറ്റ്സ് ഓഫ് വേ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് ഐഡിയ, വോഡാഫോൺ, റ്റാറ്റാ കമ്മ്യൂണിക്കേഷൻ, എയർടെൽ, റിലയൻസ് എന്നീ കമ്പനികൾ ജില്ലാ ആസ്ഥാനങ്ങളിൽ 10 Mbps ബാന്റ് വിഡ്ത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. |
| ഡി) | വ്യവസ്ഥകൾ മറച്ചുവെച്ച് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കമ്പനികൾ 2000 മുതൽ ഇതുവരെയുള്ള കാലയളവിൽ എത്ര രൂപയാണ് നെറ്റ് കണക്ഷൻ ചാർജ്ജായി വാങ്ങിയിട്ടുള്ളത്; | ഡി) | ഇപ്രകാരമുള്ള വസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | സർക്കാരുമായി കരാർ ഒപ്പുവച്ച കമ്പനികൾ ട്രായ്/ടെലികോം വകുപ്പ് എന്നിവയുടെ ലൈസൻസ് ലഭിച്ചവയാണോ? | ഇ) | സർക്കാരുമായി കരാർ ഒപ്പുവച്ച കമ്പനികൾക്കെല്ലാം ട്രായ്/ടെലികോം വകുപ്പുകളുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ